രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം

105 (880) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൊത്തത്തിൽ എത്ര രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളതെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഇപ്പോൾ ജോലി ചെയ്യുന്ന ഹെൽത്ത് ഇൻസ്പെക്ടർമാരിൽ എത്രപേർ പി.എസ്.സി. നിയമനം ലഭിച്ചവരുണ്ടെന്നും എത്രപേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമനം ലഭിച്ചവരുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) പി.എസ്.സി. മുഖേന നിയമനം ലഭിച്ചവരല്ലാതെയുള്ളവർ ജോലി ചെയ്യുന്ന ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ;

(ഡി) കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നിലവിലുള്ള പി.എസ്.സി. റാങ്ക്ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മേലിൽ എന്തു നടപടി സ്വീകരിക്കുമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	–	186
കൊല്ലം	–	208
പത്തനംതിട്ട	–	110
ആലപ്പുഴ	–	111
കോട്ടയം	–	137
ഇടുക്കി	–	189
എറണാകുളം	–	155
തൃശൂർ	–	207
പാലക്കാട്	–	208

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം	-	241
കോഴിക്കോട്	-	192
വയനാട്	-	111
കണ്ണൂർ	-	221
കാസർഗോഡ്	-	134
ആകെ		2410

(ബി) കൊല്ലം, പത്തനംതിട്ട ജില്ലകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ആരുംതന്നെ ജോലി ചെയ്യുന്നില്ല. പി.എസ്.സി. നിയമനം വഴി ജോലി ചെയ്യുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

കൊല്ലം	-	203
പത്തനംതിട്ട	-	108

(സി&ഡി) പി.എസ്.സി. മുഖേനയല്ലാതെ കണ്ണൂർ ജില്ലയിൽ 9 പേർ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു. ദേശീയ കുഷ്ഠരോഗ നിവാരണ പദ്ധതിയിലെ ജീവനക്കാരെ പൊതുജനാരോഗ്യ പരിപാടിയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് സംയോജിപ്പിക്കേണ്ടതിനാൽ വിവിധ ജില്ലകളിൽ നിലവിലുള്ള രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ തൽക്കാലം കഴിയുകയില്ല.

സർക്കാർ നഴ്സിംഗ് സ്കൂളുകളിലെ പ്രവേശനം

106 (882) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സർക്കാർ നഴ്സിംഗ് സ്കൂളുകൾ പ്രവർത്തിച്ചു വരുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ; അവ ഏതെല്ലാം ;

(ബി) പ്രസ്തുത നഴ്സിംഗ് സ്കൂളുകളിലുമായി ആകെ എത്ര സീറ്റുകളുണ്ട് ; വിശദവിവരം ലഭ്യമാക്കാമോ ;

(സി) എത്ര സ്വകാര്യ നഴ്സിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ; അവ ഏതെല്ലാം ;

(ഡി) സ്വകാര്യ നഴ്സിംഗ് സ്കൂളുകളിൽ ആകെ എത്ര സീറ്റുണ്ട് ; ഇവിടുത്തെ പ്രവേശന രീതി എപ്രകാരമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly